## പതിനാലാം കേരള നിയമസഭ
### പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.2636** **06.11.2019-ൽ മറുപടിയ്ക്ക്**

### പട്ടികജാതിക്കാരുടെ ക്ഷേമത്തിനായുള്ള പ്രവർത്തനങ്ങൾ

| ചോദ്യം: | | മറുപടി: | |
|---|---|---|---|
| **ശ്രീ.വി.പി.സജീന്ദ്രൻ** | | **എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | പട്ടികജാതിക്കാരുടെ ക്ഷേമത്തിന് പട്ടികജാതി വികസന വകുപ്പ് നടത്തുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണ്; | (എ) | പട്ടികജാതിക്കാരുടെ ക്ഷേമത്തിന് പട്ടികജാതി വികസന വകുപ്പ് നടത്തുന്ന പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.. |
| (ബി) | വകുപ്പിന്റെ നേതൃത്വത്തിൽ നേരത്തെ നടപ്പിലാക്കിയിരുന്നതുപോലെ ഭവന പദ്ധതികൾ നിലവിൽ നടപ്പിലാക്കുന്നുണ്ടോ; ഇല്ലെങ്കിൽ അതിന്റെ കാരണമെന്താണെന്ന് വെളിപ്പെടുത്താമോ; | (ബി) | ഭവനനിർമ്മാണ പദ്ധതികൾ എല്ലാം ലൈഫ് മിഷന് കീഴിലാണ് നടപ്പാക്കുന്നത്. ആയതിനാൽ 2017-18 ന ശേഷം വകുപ്പ് ഭവനനിർമ്മാണ പദ്ധതി നടപ്പിലാക്കുന്നില്ല. കഴിഞ്ഞ 10 വർഷകാലത്തിനിടയിൽ വിവിധ ഏജൻസികൾ വഴിയും സ്വന്തമായും ഭവന നിർമ്മാണം ഏറ്റെടുത്തിട്ട് പൂർത്തീകരിക്കാത്ത ഗുണഭോക്താക്കൾക്ക് 1.50 ലക്ഷം രൂപവരെ നല്കുന്ന പുതിയ പദ്ധതി വകുപ്പ് നടപ്പ് വർഷം മുതൽ നടപ്പിലാക്കുന്നുണ്ട്. |
| (സി) | പട്ടികജാതി വിഭാഗത്തിൽപെട്ട യുവതീ യുവാക്കൾക്ക് സ്വയംതൊഴിൽ ആരംഭിക്കുവാൻ വകുപ്പ് മുഖേന നൽകുന്ന സഹായം എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ? | (സി) | പട്ടികജാതി വിഭാഗത്തിൽപ്പെട്ട 18 വയസ്സിനും 40 വയസ്സിനും ഇടയിലുള്ള യുവതിയുവാക്കൾക്ക് സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനായി മൂന്നു ലക്ഷം രൂപ വരെയുള്ള വായ്പകളിന്മേൽ 1/3 തുക സബ്സിഡിയായി പരമാവധി ഒരു ലക്ഷം രൂപ വരെ പട്ടികജാതി വികസന വകുപ്പ് മുഖാന്തിരം നൽകി വരുന്നുണ്ട്. ഗ്രൂപ്പുകൾക്ക് 10 ലക്ഷം വായ്പയിന്മേൽ 75% സബ്സിഡി നൽകുന്ന പദ്ധതിയും, സ്റ്റാർട്ട് അപ് ഡ്രീംസ് പദ്ധതിയും നിലവിലുണ്ട്. പട്ടികജാതി/പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ മുഖേനയും സ്വയം തൊഴിലിന് വായ്പകൾ നൽകി വരുന്നു. |

**സെക്ഷൻ ഓഫീസർ**

അനുബന്ധം

# സാമ്പത്തിക വികസന പദ്ധതികൾ

**1. സ്വയം തൊഴിൽ പദ്ധതി**

വ്യക്തികൾക്ക് 3 ലക്ഷം വരെയുള്ള വായ്പകൾക്കും ഗ്രൂപ്പുകൾക്ക് 10 ലക്ഷം വരെയുള്ള വായ്പകൾക്കും വായ്പാതുകയുടെ 1/3 സബ്സിഡി. പദ്ധതി ബാങ്കുകളുമായിച്ചേർന്ന് നടപ്പിലാക്കുന്നു. ബാങ്ക് അംഗീകരിക്കുന്ന ഏത് സ്വയം തൊഴിൽ സംരംഭവും തുടങ്ങാം. പ്രായം 18-40, വിദ്യാഭ്യാസ യോഗ്യത- 7-ാം ക്ലാസ്സ്. വരുമാന പരിധി ബാധകമല്ല. അപേക്ഷ, വിദ്യാഭ്യാസ യോഗ്യത, ജാതി, വരുമാന സർട്ടിഫിക്കറ്റുകൾ, പദ്ധതി റിപ്പോർട്ട്, റേഷൻകാർഡ് പകർപ്പ്, തിരിച്ചറിയൽ കാർഡ് പകർപ്പ്, എസ്. ജി. എസ്. വൈ ലോൺ വാങ്ങിയിട്ടില്ല എന്ന ബന്ധപ്പെട്ട ഓഫീസറുടെ സാക്ഷ്യപത്രം എന്നിവ സഹിതം ബ്ലോക്ക്/ മുനിസിപ്പൽ/കോർപ്പറേഷൻ പട്ടികജാതി വികസന ഓഫീസർക്ക് നൽകുക.

**2. വക്കീലൻമാർക്ക് ധനസഹായം.**

നിയമ വിദ്യാഭ്യാസം കഴിഞ്ഞ് എൻറോൾ ചെയ്ത് വക്കീലായി പരിശീലനം ചെയ്യുന്നതിന് 3 വർഷത്തേയ്ക്ക് ധനസഹായം നൽകുന്നു.

**ഒന്നാം വർഷം**

1. എൻറോൾമെന്റ് ഫീസ് - 9600/-
2. വസ്ത്രം വാങ്ങുന്നതിന് - 4000/-
3. പുസ്തകം വാങ്ങുന്നതിന് - 12000/-

**രണ്ടും മൂന്നും വർഷങ്ങളിൽ**

1. വസ്ത്രം വാങ്ങുന്നതിന് - 4000/-
2. പുസ്തകം വാങ്ങുന്നതിന് - 12000/-
3. മുറി വാടക (പ്രതിമാസം 500/- രൂപ നിരക്കിൽ) - 6000/-

അഭിഭാഷകനായി എൻറോൾ ചെയ്ത് 6 മാസത്തിനകം നിശ്ചിത മാതൃകയിലുള്ള അപേക്ഷ, ജാതിസർട്ടിഫിക്കറ്റ്, ;എൽ. എൽ. ബിയുടെ സർട്ടിഫിക്കറ്റ്, ബാർ കൗൺസിൽ എൻറോൾമെൻറ് സാക്ഷ്യപത്രം, സീനിയർ അഭിഭാഷകൻെറ സാക്ഷ്യപത്രം എന്നിവ സഹിതം ജില്ലാ പട്ടികജാതി വികസന ഓഫീസർക്ക് അപേക്ഷ സമർപ്പിക്കുക.

**3. സാങ്കേതിക വിദ്യാഭ്യാസം ലഭിച്ചവർക്ക് അപ്രൻറീസ്ഷിപ്പ്.-**

ഐ.ടി.ഐ, ഡിപ്ലോമ, എഞ്ചിനീയറിംഗ് ഡിഗ്രി, എന്നിവ പാസ്സായവർക്ക് അപ്രൻറീസ്ഷിപ്പ് . അപേക്ഷകർ അതാത് ജില്ലാ പട്ടികജാതി വികസന ഓഫീസുകളിൽ പേര് രജിസ്റ്റർ ചെയ്യേതാണ്. പ്രതിമാസ നിരക്ക്

| | |
|---|---|
| ഐ.ടി ഐ | - 2,000/- |
| ഡിപ്ലോമ | - 2,500/- |
| എഞ്ചിനീയറിംഗ് ഡിഗ്രി | - 3,000/- |

**4. ടൂൾ കിററ്-വകുപ്പിൻെറ ഐടിഐകളിൽ വിവിധ ട്രേഡുകൾ പാസ്സായിട്ടുള്ളവർക്ക് പണിയായുധങ്ങൾ വാങ്ങുന്നതിനുള്ള ഗ്രാൻറ് നൽകുന്നു.**

**5. പട്ടികജാതിക്കാരുടെ വായ്പ എഴുതി തള്ളൽ പദ്ധതി**

സംസ്ഥാനത്തെ പട്ടികജാതി വിഭാഗക്കാർ, സർക്കാർ വകുപ്പുകൾ, കോർപ്പറേഷനുകൾ, സഹകരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നും എടുത്തിട്ടുള്ളതും 31.03.2006-ൽ തിരിച്ചടവ് കാലാവധി കഴിഞ്ഞതും കുടിശ്ശികയായതുമായ വായ്പകളിൽ 25,000/- രൂപ വരെയുള്ളത് പലിശയും പിഴ പലിശയും ഉൾപ്പെടെ എഴുതിത്തള്ളുന്നതിന് 12.11.2009 ലെ സർക്കാർ ഉത്തരവ് (അച്ചടി) 100/2009 പജ.പവ.വിവ.നമ്പർ ഉത്തരവിൻ പ്രകാരം നടപ്പിലാക്കിയിരുന്നു.സംസ്ഥാനത്തെ പട്ടികജാതി/പട്ടികവർഗ്ഗ വികസന കോർപ്പറേഷനുകൾ, സർക്കാർ വകുപ്പുകൾ, സഹകരണ സ്ഥാപനങ്ങൾ, കേരള ഖാദി ഗ്രാമവ്യവസായ ബോർഡ്, എന്നിവിടങ്ങളിൽ നിന്ന് എടുത്തിട്ടുള്ളതും 31.03.2006-ൽ തിരിച്ചടവ് കാലാവധി കഴിഞ്ഞ് കുടിശ്ശിക ആയിട്ടുള്ളതുമായ വായ്പയുടെ 50,000/- രൂപ വരെയുള്ളത് എഴുതി തള്ളുന്നതിന് 10.12.2013 ലെ സർക്കാർ ഉത്തരവ് (അച്ചടി) നമ്പർ 99/2013/പജ.പവ.വിവ നമ്പർ ഉത്തരവിലൂടെ നടപ്പിലാക്കിയിട്ട്.

പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾ എസ്.സി/എസ്.ടി കോർപ്പറേഷനിൽ നിന്നും എടുത്തിട്ടുള്ളതും 31.03.2006 ൽ തിരിച്ചടവ് കാലാവധി കഴിഞ്ഞ് കുടിശ്ശികയായതുമായ വാഹന വായാപാ പദ്ധതി, അംബേദ്കർ ഭവന നിർമ്മാണ പദ്ധതി, പുതിയ അംബേദ്കർ ഭവന നിർമ്മാണ പദ്ധതി, ഇൻകം ജനറേഷൻ ലിങ്ക്സ്, എന്നീ പദ്ധതികളിലെ മുതലും പലിശയും എഴുതി തള്ളുന്നതിന് 16.10.2014 ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 74/14/പജ.പവ.വിവ നമ്പർ ഉത്തരവ് പ്രകാരം നടപ്പിലാക്കിയിട്ട്.

പട്ടികജാതി വിഭാഗക്കാർ കേരള സംസ്ഥാന പട്ടികജാതി/പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ, സഹകരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്ന് എടുത്തിട്ടുള്ളതും 31.03.2010-ന് തിരിച്ചടവ് കാലയളവ് പൂർത്തിയായതുമായ ഒരു ലക്ഷം രൂപ വരെയുള്ള വായ്പകളിൽ മുതലും പലിശയും ചേർത്ത് ഒരു ലക്ഷം രൂപ വരെ എഴുതി തള്ളുന്നതിന് 31.03.2015 ലെ സ.ഉ (പി) നം.24/2015/പജ.പവ.വിവ പ്രകാരം ഉത്തരവായിട്ട്. വരുമാന പരിധി 1.5 ലക്ഷം രൂപ മുഖ്യമന്ത്രിയുടെ കടാശ്വാസ പദ്ധതി പ്രകാരം പട്ടികജാതിക്കാർ റവന്യൂ വകുപ്പ്, കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ്, കേരള സംസ്ഥാന പട്ടികജാതി/പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ, കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ, കേരള സംസ്ഥാന വനിത വികസന കോർപ്പറേഷൻ, കേരള സംസ്ഥാന വികലാംഗ കോർപ്പറേഷൻ എന്നിവിടങ്ങളിൽ നിന്ന് എടുത്തിട്ടുള്ള 5 ലക്ഷം രൂപ വരെയുള്ള വായ്പകളിൽ മുതലും പലിശയും ഉൾപ്പെടെ മുതലിന്റെ ഇരട്ടിയെങ്കിലും തിരിച്ചടവ് കഴിഞ്ഞിട്ടുള്ളവർക്ക് കടാശ്വാസം അനുവദിച്ചുകൊ് 20.08.2016 ലെ സ.ഉ (പി) നം.116/2016/ധന.പ്രകാരം ഉത്തരവായിട്ട്. ടി ഉത്തരവിൻപ്രകാരം മുതലും പലിശും പിഴപ്പലിശയുമുൾപ്പെടെ മുതലിന്റെ ഒന്നര ഇരട്ടിയെങ്കിലും തിരിച്ചടച്ചിട്ടുള്ളവർക്ക് മുതലിന്റെ ഇരട്ടിയെത്തുന്നതു വരെയുള്ള കുടിശ്ശിക തുക പലിശയും പിഴപ്പലിശയും ഒഴിവാക്കി ഇരുപത്തിനാല് പ്രതിമാസ ഗഡുക്കളായി തിരിച്ചടയ്ക്കാവുന്ന വിധത്തിൽ വായ്പ പുനഃക്രമീകരിച്ചിട്ടുണ്ട് .

**6. ഉല്പന്ന പ്രദർശന വിപണന മേള.**

അന്യം നിന്നുകൊണ്ടിരിക്കുന്ന ഗോത്ര വർഗ്ഗ പൈതൃകവും തനത് കലകളും സംരക്ഷിപ്പിക്കുന്നതിനും പരമ്പരാഗത ഉല്പന്നങ്ങൾ പ്രദർശിപ്പിക്കുന്നതിനും വിപണനം നടത്തുന്നതിനായി പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പിന്റെയും കിർത്താഡ്സിന്റെയും സംയുക്ത ആഭിമുഖ്യത്തിൽ സംസ്ഥാനാടിസ്ഥാനത്തിൽ ഒരു വർഷം 2 സ്ഥലങ്ങളിലായി സംഘടിപ്പിക്കുന്ന ഉൽപ്പന്ന പ്രദർശന വിപണന മേളയാണിത്. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിന്റെ ഭാഗമായോ, വ്യക്തിഗതമായോ, കൂട്ടുസംരംഭങ്ങളായോ, കുടുംബശ്രീ, അയൽകൂട്ടങ്ങളായോ, സൊസൈറ്റികളായോ തുടങ്ങിയിട്ടുള്ള സ്ഥാപനങ്ങളിലെ ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിന് സംഘടിപ്പിച്ചിരിക്കുന്ന വിപണന മേളയിലെ സ്ററാൾ സൗജന്യമായി അനുവദിക്കുന്നു. ഉല്പന്നങ്ങൾ സ്ററാളിലെത്തിക്കുന്നതിനുള്ള വാഹന വാടക, സ്ററാളിൽ നിൽക്കുന്നവർക്ക് പ്രതിദിന ബത്ത, ഭക്ഷണം എന്നിവ നൽകുന്നു.

**7. അംബേദ്കർ ഗ്രാമവികസന പരിപാടി**

ഓരോ നിയോജക മണ്ഡലത്തിലുമുള്ള അടിസ്ഥാന സൗകര്യ വികസനത്തിൽ ഏറ്റവും പിന്നാക്കം നിൽക്കുന്നതും നാൽപതോ അതിലധികമോ പട്ടികജാതി കുടുംബങ്ങൾ അധിവസിക്കുന്നതും വികസന പ്രവർത്തനങ്ങൾ ആവശ്യമുള്ളതുമായ 2 കോളനികളെ വീതം തെരഞ്ഞെടുത്ത് ഓരോ കോളനിയിലും ഓരോ കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾ നടത്തിവരുന്നു.

ഓരോ സങ്കേതത്തിന്റെയും വികസനാവശ്യങ്ങൾ വിലയിരുത്തിയാണ് പദ്ധതി നിർവ്വഹണം നടപ്പാക്കുന്നത്. റോഡ് നിർമ്മാണം, വൈദ്യുതീകരണം, അഴുക്കുചാൽ നിർമ്മാണം, സോളാർ തെരുവ് വിളക്കുകൾ, ബയോഗ്യാസ് പ്ലാന്റ്, ഭവനപുനരുദ്ധാരണം എന്നിങ്ങനെയുള്ള അടിസ്ഥാനസൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് പരമാവധി 1 കോടി രൂപയാണ് ഈ പദ്ധതി പ്രകാരം ഒരു സങ്കേതത്തിനായി ചെലവഴിക്കുക. എം.എൽ.എ മാരുടെ നേരിട്ടുള്ള മേൽനോട്ടത്തിലാണ് പദ്ധതി നിർവ്വഹണം.

# സാമൂഹ്യക്ഷേമ പരിപാടികൾ

## 1. വിവാഹ ധനസഹായം

പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുടുംബങ്ങളിലെ പെൺകുട്ടികൾക്ക് 75,000/- രൂപ വിവാഹ ധനസഹായമായി നൽകുന്നു. ജാതി, വരുമാന സർട്ടിഫിക്കററ്, പെൺകുട്ടിയുടെ പ്രായം തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കററ്, വിവാഹക്ഷണക്കത്ത്, വിവാഹം നിശ്ചയിച്ചു എന്നതിൻെറ സമുദായ സംഘടനയുടെ/ ഗസററഡ് ഓഫീസറുടെ സാക്ഷ്യപത്രം സഹിതം ബ്ലോക്ക്/ മുനിസിപ്പൽ/കോർപ്പറേഷൻ/ പട്ടികജാതി വികസന ഓഫീസർക്ക് അപേക്ഷ സമർപ്പിക്കുക. വരുമാന പരിധി 1,00,000 /-രൂപ.

## 2. മിശ്ര വിവാഹിതർക്ക് ധനസഹായം

മിശ്ര വിവാഹിതരായ ദമ്പതിമാർക്ക് ( ഒരാൾ പട്ടികജാതിയും പങ്കാളിപട്ടികഇതര സമുദായത്തിൽ പെട്ടതുമായിരിക്കണം) വിവാഹത്തെത്തുടർന്ന് ഉാകുന്ന സാമൂഹിക പ്രശ്നങ്ങളെ അതിജീവിക്കാനും തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുമായി 75,000/- രൂപ വരെ ഗ്രാൻറായി നൽകുന്നു. വിവാഹശേഷം ഒരു വർഷം കഴിഞ്ഞ് മൂന്നു വർഷത്തിനകം അപേക്ഷിക്കണം. ഭാര്യാഭർത്താക്കന്മാരുടെ ജാതി സർട്ടിഫിക്കറ്റുകൾ, കുടുംബ വാർഷിക വരുമാനം, സഹവാസ സർട്ടിഫിക്കററ്, വിവാഹ സർട്ടിഫിക്കററ് എന്നിവ സഹിതം അപേക്ഷ ബന്ധപ്പെട്ട ബ്ലോക്ക്/ മുനിസിപ്പൽ/ കോർപ്പറേഷൻ പട്ടികജാതി വികസന ഓഫീസർക്ക് സമർപ്പിക്കണം. ഇരു പേരുടെയും കൂടി പ്രതിവർഷ വരുമാന പരിധി- 1,00,000/- രൂപ

## 3 ഭൂരഹിത പുനരധിവാസ പദ്ധതി

പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഭൂരഹിതരായ കുടുംബങ്ങൾക്ക് ഗ്രാമപ്രദേശത്ത് കുറഞ്ഞത് 5 സെൻറ് ഭൂമിയും മുനിസിപ്പൽ/ കോർപ്പറേഷൻ പ്രദേശത്ത് കുറഞ്ഞത് 3 സെൻറ് ഭൂമിയും വാങ്ങുന്നതിന് ഗ്രാമ/ മുനിസിപ്പൽ/കോർപ്പറേഷനുകളിൽ യഥാക്രമം 3,75,000/ 4,50,000/- 6,00,000/- രൂപ ഗ്രാൻറായി അനുവദിക്കുന്നു. ഈ തുകയ്ക്ക് ലഭിക്കാവുന്ന പരമാവധി ഭൂമി വാങ്ങേതാണ്.തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ തയ്യാറാക്കുന്ന ലൈഫ് ലിസ്റ്റിൽ നിന്നാണ് ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നത്.

അപേക്ഷ, ജാതി, വരുമാന സർട്ടിഫിക്കററുകൾ, സ്വന്തമായി ഭൂമിയില്ലെന്ന് തെളിയിക്കുന്ന വില്ലേജ് ഓഫീസറുടെ സാക്ഷ്യപത്രം, അവകാശമായി ലഭിക്കാവുന്ന ഭൂമി സംബന്ധിച്ച സാക്ഷ്യപത്രം, തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ നിന്ന് ഭൂമി വാങ്ങുന്നതിന് ധനസഹായം ലഭിച്ചിട്ടില്ലെന്ന സാക്ഷ്യപത്രം എന്നിവ സഹിതം ബന്ധപ്പെട്ട ബ്ലോക്ക്/ മുനിസിപ്പൽ/ കോർപ്പറേഷൻ പട്ടികജാതി വികസന ഓഫീസർക്ക് നൽകുക. വാർഷികവരുമാന പരിധി 50,000 രൂപയും ആണ് .

ഗ്രാമസഭ/വാർഡ്സഭ ലിസ്റ്റ് ലഭിക്കാത്ത സ്ഥലങ്ങളിൽ പത്രപരസ്യം മുഖേന അപേക്ഷ ക്ഷണിച്ച് ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നതാണ്.

## 4. ഭവന പൂർത്തീകരണത്തിന് പ്രത്യേക ധനസഹായം

സംസ്ഥാനത്തെ വിവിധ വകുപ്പുകളിൽ നിന്ന് പട്ടികജാതി വിഭാഗക്കാർക്ക് അനുവദിച്ചുനൽകിയ ഭവനനിർമ്മാണതുക പൂർണ്ണമായും കൈപ്പറ്റിക്കഴിഞ്ഞിട്ടും ഭവനനിർമ്മാണം പൂർത്തീകരിക്കാത്തവരും നിർദ്ദിഷ്ഠ രീതിയിലുള്ള മേൽക്കൂര നിർമ്മിക്കാത്തതുമൂലം അവസാന ഗഡു ലഭിക്കാത്തവരും സ്വന്തമായി വീട് നിർമ്മാണം ആരംഭിച്ച് നിർമ്മാണം പൂർത്തീകരിക്കാത്തവരുമായ പട്ടികജാതി കുടുംബങ്ങൾക്ക് അംഗീകൃത എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ പരമാവധി ഒന്നര ലക്ഷം രൂപ വരെ ഭവനനിർമ്മാണം പൂർത്തീകരിക്കുന്നതിന് പ്രത്യേക

ധനസഹായം അനുവദിക്കുന്നതിന് സ.ഉ.(സാധാ)നം.483/2019/പജ.പവ.വിവ. തീയതി 14/06/2019 പ്രകാരം ഉത്തരവായിട്ടു്. ലൈഫ് മിഷൻ പദ്ധതി പ്രകാരം ധനസഹായം കൈപ്പറ്റിയവർക്ക് അർഹതയുായിരിക്കുന്നതല്ല. 10 വർഷത്തിനുള്ളിൽ (ധനസഹായതുകയുടെ അവസാന ഗഡു കൈപ്പറ്റിയ തീയതി കണക്കാക്കുമ്പോൾ) ധനസഹായതുക കൈപ്പറ്റിയവർക്കാണ് ഈ ധനസഹായത്തിന് അർഹതയുള്ളത്. വാർഷിക കുടുംബ വരുമാനം ഒരു ലക്ഷം രൂപ വരെയുള്ളവർക്ക് പദ്ധതിപ്രകാരം ധനസഹായത്തിന് അർഹതയുായിരിക്കും.

ധനസഹായത്തിന് നിശ്ചിത മാതൃകയിലുള്ള അപേക്ഷയോടൊപ്പം ജാതി, വരുമാനം, കൈവശാവകാശം/ഉടമസ്ഥാവകാശം (ഏതെങ്കിലും ഒന്ന്) എന്നിവ തെളിയിക്കുന്ന രേഖ, അംഗീകൃത എസ്റ്റിമേറ്റ്, അവസാന ഗഡു കൈപ്പറ്റിയ തീയതി സംബന്ധിച്ച് ബന്ധപ്പെട്ട വകുപ്പ്/ഏജൻസിയിൽ നിന്നുള്ള സാക്ഷ്യപത്രം, സ്വന്തമായി ഭവനനിർമ്മാണം ചെയ്തവർ വീടിന്റെ കാലപ്പഴക്കം തെളിയിക്കുന്ന പഞ്ചായത്ത് സെക്രട്ടറി/അസി.എൻജിനിയറിൽ നിന്നുള്ള സാക്ഷ്യ പത്രം, ആധാർ കാർഡിന്റെ പകർപ്പ്, റേഷൻ കാർഡിന്റെ പകർപ്പ് എന്നിവ സഹിതം ബ്ലോക്ക്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ പട്ടികജാതി വികസന ഓഫീസർക്ക് സമർപ്പിക്കേണ്ടതാണ്.

## 5. ദുർബല വിഭാഗങ്ങൾക്കുള്ള പ്രത്യേക പുനരധിവാസ പദ്ധതി.

50,000 രൂപയിൽ താഴെ വരുമാനമുള്ള പട്ടികജാതിയിലെ ദുർബല വിഭാഗക്കാരുടെ (വേടൻ, നായാടി, ചക്ലിയ/അരുന്ധതിയാർ, കള്ളാടി) പുനരധിവാസ പദ്ധതി പ്രകാരം താഴെ പറയുന്ന പദ്ധതികൾക്ക് സ.ഉ. (കൈ)നം. 78/2018/പജ.പവ.വിവ. തീയതി 7/11/2018 പ്രകാരം തുക അനുവദിച്ചു വരുന്നു.

| ക്ര.നം. | പദ്ധതിയുടെ പേര് | അനുവദിക്കുന്ന തുക |
|---|---|---|
| 1 | കൃഷിഭൂമി (കുറഞ്ഞത് 25 സെന്റ്) | 10,00,000/- |
| 2 | കമ്മ്യൂണിറ്റി പഠനമുറി(കെട്ടിടം ഉള്ള സ്ഥലങ്ങളിൽഅടിസ്ഥാന സൗകര്യം+ആവർത്തന ചെലവുകൾ) | 6,80,000/- |
| 3 | കമ്മ്യൂണിറ്റി പഠനമുറി(കെട്ടിടം ഇല്ലാത്ത സ്ഥലങ്ങൾ) | കെട്ടിട നിർമ്മാണത്തിന് പ്രൈസ് എസ്റ്റിമേറ്റ് പ്രകാരം +6,80,000/-, അടിസ്ഥാന സൗകര്യം,ആവർത്തന ചെലവുകൾക്ക് |
| 4 | പഠനമുറി(വ്യക്തിഗതം) | 3,00,000/- |
| 5 | കുടിവെള്ളം, വൈദ്യുതി, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ | ടപ്രൈസ് എസ്റ്റിമേറ്റ് പ്രകാരം |
| 6 | കോളനികളിലെ വീടുകളുടെ നവീകരണം/ബലപ്പെടുത്തൽ | ടപ്രൈസ് എസ്റ്റിമേറ്റ് പ്രകാരം |
| 7 | വീടിന്റെ അറ്റകുറ്റപ്പണികൾക്ക്(വ്യക്തഗതം) | 1,50,000/- |
| 8 | ടോയ്ലറ്റ് നിർമ്മാണം | 40,000/- |
| 9 | തൊഴിൽ പരിശീലനം/സ്വയം തൊഴിൽ സംരംഭം | പ്രൊജക്ട് റിപ്പോർട്ട് പ്രകാരം വകുപ്പ് ഉദ്യോഗസ്ഥർ പരിശോധിച്ച് ശുപാർശ ചെയ്യുന്ന പ്രകാരമുള്ള തുക. |
| 10 | ഭൂരഹിത പുനരധിവാസം (കുറഞ്ഞത് 5സെന്റ് ഭൂമി വാങ്ങുന്നതിന്) | 5,00,000/- |
| 11 | ഭവനനിർമ്മാണം | 6,00,000/- |

ഭൂമി, വീട് എന്നിവ അനുവദിക്കുന്നത് ലൈഫ് ലിസ്റ്റിൽ നിന്നുള്ള അർഹതപ്പെട്ട ഗുണഭോക്താക്കൾക്കാണ്. ജാതി, വരുമാനത്തിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട ബ്ലോക്ക്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ പട്ടികജാതി വികസന ഓഫീസർ അർഹതപ്പെട്ട ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നു.

## 6. ടോയ്ലററ് നിർമ്മാണം

പട്ടികജാതി കുടുംബങ്ങൾക്ക് ടോയ്ലററ് നിർമ്മിക്കുന്നതിന് 25,000 രൂപ വീതം ധനസഹായം നൽകുന്ന പദ്ധതിയാണിത്. ബ്ലോക്ക്/ മുനിസിപ്പൽ/ കോർപ്പറേഷൻ പട്ടികജാതി വികസന ഓഫീസർക്ക് അപേക്ഷ നൽകേതാണ്. തുക ര് ഗഡുക്കളായി വിതരണം ചെയ്യുന്നു. വരുമാന പരിധി 50,000 രൂപ.

## 7. ആരോഗ്യ സുരക്ഷ പദ്ധതി- ചികിൽസ ധനസഹായം

മാരകമായ രോഗങ്ങൾ ബാധിച്ചവരും അത്യാഹിതങ്ങളിൽപ്പെട്ടവരുമായ 1,00,000/- രൂപയിൽ താഴെ വാർഷികവരുമാനമുള്ളവർക്ക് പട്ടികജാതി വിഭാഗത്തിനുള്ള ആരോഗ്യ സുരക്ഷ പദ്ധതി പ്രകാരം 50,000/- രൂപ വരെ ചികിത്സാധനസഹായം അനുവദിക്കുന്നു. ഹൃദയശസ്ത്രക്രിയ, ക്യാൻസർ, കിഡ്നി തകരാറ് മുതലായ ഗുരുതരമായ

രോഗങ്ങൾക്ക് പരമാവധി 1,00,000/-രൂപവരെ ആശുപത്രിമുഖാന്തിരം നൽകുന്നു. നിശ്ചിത ഫാറത്തിലുള്ള ജാതി, വരുമാനം, റേഷൻ കാർഡിന്റെ പകർപ്പ്, ബാങ്ക് അക്കൗ് പാസ്ബുക്കിന്റെ പകർപ്പ് എന്നിവ സഹിതം അക്ഷയ കേന്ദ്രങ്ങളിലൂടെ സൗജന്യമായി ഓൺ ലൈനായി അപേക്ഷ സമർപ്പിക്കേണ്ടതാണ്. ആയതിനാൽ അപേക്ഷയും, ശേഷം അക്ഷയ കേന്ദ്രങ്ങളിൽ നിന്നും ലഭിക്കുന്ന പ്രിന്റ്സഹിതം ടി അപേക്ഷ, ബന്ധപ്പെട്ട ബ്ലോക്ക് / മുൻസിപ്പൽ /കോർപ്പറേഷൻ പട്ടികജാതി വികസന ഓഫീസർക്ക് സമർപ്പിക്കണം.

## 8. സാമൂഹ്യ ഐക്യദാർഢ്യ പക്ഷാചരണം

പട്ടികജാതി പട്ടികവർഗ്ഗ ജനസമൂഹവും മുഖ്യധാരാ സമുദായങ്ങളും തമ്മിലുള്ള ബന്ധം കൂടുതൽ ഊഷ്മളവും ഇഴയടുപ്പവുമുള്ളതാക്കിത്തീർക്കുന്നതിന് ഗാന്ധിജയന്തി ദിനമായ ഒക്ടോബർ 2 മുതൽ 16 വരെ എല്ലാ വർഷവും സാമൂഹ്യ ഐക്യദാർഢ്യപക്ഷാചരണമായി ആചരിക്കുന്നു. ടിആചരണക്കാലത്ത പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് ഏറ്റെടുത്ത് നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾ കൂടുതൽ ജനങ്ങളിലെത്തിക്കുന്നതിനും കോളനികൾ കേന്ദ്രീകരിച്ച് ശുചിത്വ പരിപാടികൾ, മെഡിക്കൽ ക്യാമ്പുകൾ,വിജ്ഞാന സദസ്സുകൾ, പ്രദർശനങ്ങൾ,പൂർത്തിയായ പദ്ധതികളുടെ ഉദ്ഘാടനങ്ങൾ, പുതിയ പദ്ധതികളുടെ ആരംഭം കുറിക്കൽ എന്നിവ നടത്തുന്നു.

## 9. വിജ്ഞാൻവാടി

പട്ടികജാതി വിദ്യാർത്ഥികളുടേയും യുവാക്കളുടേയും ഉന്നമനം ലക്ഷ്യമാക്കി ആനുകാലിക വിജ്ഞാന സമ്പാദനത്തിനും മത്സരപരീക്ഷകൾക്ക് ഓൺലൈൻ അപേക്ഷകൾ സമർപ്പിക്കുന്നതിനും സഹായകമാകുന്ന കേന്ദ്രങ്ങളാണ്വിജ്ഞാൻവാടികൾ.ഇന്റർനെറ്റ്സൗകര്യത്തോടുകൂടിയ കമ്പ്യൂട്ടർ, വായനശാല എന്നിവ സജ്ജീകരിച്ചുകൊ് പട്ടികജാതിസങ്കേതങ്ങളോടനുബന്ധിച്ചാണ് വിജ്ഞാൻവാടികൾ സ്ഥാപിക്കുക. ഇതിനുള്ള കെട്ടിടം നിർമ്മിക്കാനുള്ള ഫ്ദസഹിതം ഈ പദ്ധതി നടപ്പാക്കി വരുന്നു. സംസ്ഥാനത്തെ എല്ലാ പഞ്ചായത്തുകളിലും ഇത് നടപ്പാക്കുകയാണ് വകുപ്പിന്റെ ലക്ഷ്യം. ഓരോ വിജ്ഞാൻവാടിയിലും 5000 രൂപ ഹോണറേറിയം വ്യവസ്ഥയിൽ ഒരു സിസ്റ്റം ഓപ്പറേറ്ററേയും നിയമിക്കുന്നു്.

## 10. ഹോമിയോ ഹെൽത്ത് സെന്റർ

- സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട 29 പട്ടികജാതി സങ്കേതങ്ങളോടനുബന്ധിച്ച് ഹോമിയോ ഹെൽത്ത് സെന്ററുകൾ സ്ഥാപിച്ചിട്ടു്. ഒരകിലോമീറ്റർ ചുറ്റളവിൽ മറ്റ് ആരോഗ്യപരിപാലനകേന്ദ്രങ്ങളില്ലാത്ത പട്ടികജാതി സങ്കേതങ്ങളാണ് ഇതിലേക്ക് തെരഞ്ഞെടുത്തിട്ടുള്ളത്

## 11. വിദേശത്ത് തൊഴിൽ നേടുന്നതിന് സാമ്പത്തികസഹായം

അഭ്യസ്തവിദ്യരും ഏതെങ്കിലും തൊഴിൽ മേഖലയിൽ നൈപുണ്യവും പരിശീലനവും ലഭിച്ച പട്ടികജാതി യുവതീ യുവാക്കൾക്ക് വിദേശത്ത് തൊഴിൽ നേടുന്നതിന് യാത്രയ്ക്കും വിസ സംബന്ധമായ ചെലവുകൾക്കുമായി 1,00,,000/- രൂപ വരെ ധനസഹായം നൽകുന്നു. ഇൻഡ്യൻ പാസ്പോർട്ട്, വിദേശ തൊഴിൽ ദാതാവിൽ നിന്നും ലഭിച്ച തൊഴിൽ കരാർപത്രം, വിസ എന്നിവ സഹിതം അപേക്ഷ നൽകേതാണ്. വാർഷിക വരുമാനം 2,50,000/- രൂപയിൽ താഴെ വരുമാനമുള്ള 20 നും 50നും മദ്ധ്യേ പ്രായമുള്ളവർക്കാണ് അപേക്ഷിക്കാൻ അർഹത.

## 12. ഹാൻഡ്ഹോൾഡിംഗ് സെൽ

പട്ടികജാതിവിഭാഗത്തിൽപ്പെടുന്ന പൊതുസമൂഹത്തിന്റെ ആവശ്യങ്ങൾ അറിഞ്ഞ് പ്രശ്നപരിഹാരം സാദ്ധ്യമാക്കുക എന്ന ലക്ഷ്യത്തോടെരൂപീകൃതമായ ഹാൻഡ്ഹോൾഡിംഗ് സെൽ കഴിഞ്ഞ പത്തുമാസത്തിനിടയിൽ തന്നെ ഈ സെല്ലിന്റെ ഏകോപനത്തിലൂടെ നിരവധിപേർക്ക് തൊഴിൽ നേടുന്നതിനും തൊഴിലധിഷ്ഠിത പരിശീലന പരിപാടികളുടെ പ്രാധ്യാനം, അടിസ്ഥാനവിദ്യാഭ്യാസം എന്നിവ നേടിയ പട്ടികജാതിവിഭാഗത്തിൽപ്പെട്ടവർക്ക് ബോദ്ധ്യപ്പെടുത്തിക്കൊടുക്കുന്നതിനും, വിദേശത്തുപോലും നിരവധിപേർക്ക് തൊഴിൽ നൽകി ഗൾഫു രാജ്യങ്ങൾ പോലും തങ്ങൾക്ക് പ്രാപ്യമാണെന്ന ആത്മവിശ്വാസം വർദ്ധിപ്പിക്കാനും ഉപകരിച്ചു.

ഹാൻഡ്ഹോൾഡിംഗ് സെല്ലിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട് രൂപീകൃതമായ മൊബൈൽ ആപ്പ് : വിദ്യാസമ്പന്നരായ 7 ലക്ഷത്തിലധികം പട്ടികജാതിയുവതീയുവാക്കൾ നമ്മുടെ കേരളത്തിലു്. അവർക്ക് സ്വായത്തമാക്കാൻ കഴിയുന്ന മേഖലകൾ നിരവധിയാണ്. എന്നാൽ ഓഫീസിൽ കയറിയിറങ്ങി സംശയങ്ങൾ തീർക്കാനോ, അവസരങ്ങൾ കത്താനോ യഥാസമയം അവർക്കാകുന്നില്ല. പട്ടികജാതിയിൽപ്പെട്ട വിദ്യാസമ്പന്നരായ എല്ലാർക്കും അവർക്കാവശ്യമായ എല്ലാവിധ വിവരങ്ങളും വിരൽത്തുമ്പിൽ എത്തിക്കുക എന്ന ലക്ഷ്യത്തോടെ രൂപം നൽകിയതാണ് ഈ ആപ്പ്. ഇത് ഡൗൺ ലോഡ് ചെയ്ത് രജിസ്റ്റർ ചെയ്യുന്ന ആർക്കും തങ്ങളുടെ വിദ്യാഭ്യാസം, ഉപരിപഠനം, തൊഴിൽ സാധ്യതകൾ തുടങ്ങിയവയും ഈ വകുപ്പിലെ എല്ലാ പദ്ധതികളെ കുറിച്ചും ഉള്ള എല്ലാ സംശയങ്ങളും സന്ദേശങ്ങളായി handholding.kerala@gmail.com എന്ന വിലാസത്തിൽ അയക്കാവുന്നതാണ്. ലഭ്യമാകുന്ന സന്ദേശങ്ങൾക്ക് കൃത്യമായ മറുപടിയും മാർഗ്ഗ നിർദേശങ്ങളും ലഭ്യമാകുന്നതാണ്. വകുപ്പിലെ ഏതു പദ്ധതിയെ സംബന്ധിച്ച അപേക്ഷ ഫോറങ്ങളും ഇതിലൂടെ ഡൗൺലോഡ് ചെയ്തെടുക്കാവുന്നതുമാണ്.

(മൊബൈൽ ആപ്പ് play store -ൽ handholding cell എന്ന് സെർച്ച് ചെയ്ത് ഡൗൺ ലോഡ് ചെയ്യാവുന്നതാണ്.

## 13. വാത്സല്യനിധി

പട്ടികജാതി വിഭാഗത്തിൽപ്പെട്ട പെൺകുട്ടികളുടെ സമഗ്ര വികസനത്തിനായി സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ഒരു ലക്ഷം രൂപാവരെ വരുമാന പരിധിയിലുള്ള മാതാപിതാക്കളുടെ പെൺകുട്ടികൾക്ക് വാത്സല്യനിധി എന്ന ഇൻഷുറൻസ് അധിഷ്ഠിത സമഗ്ര വികസന പദ്ധതി നടപ്പിലാക്കുന്നു. പട്ടികജാതി പെൺകുട്ടികളുടെ ഉന്നമനത്തിനായി പട്ടികജാതി വികസന വകുപ്പും LIC of India- യും സംയുക്തമായി നടപ്പിലാക്കുന്ന ടി പദ്ധതിക്ക് വകുപ്പ് 1,38,000/- രൂപ 4 ഇൻസ്റ്റാൾമെന്റുകളിലായി താഴെ പറയും പ്രകാരം പെൺകുട്ടികളുടെ പേരിൽ നിക്ഷേപിക്കുന്നു. 1.04.2017 നു ശേഷം ജനിച്ച പെൺകുട്ടികളെയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

## മാനദണ്ഡങ്ങൾ

| | |
|---|---|
| പെൺകുട്ടികൾ ജനിച്ച് 6 മാസം പൂർത്തിയായതും 9 മാസത്തിൽ അധികരിക്കാത്തതും | ആദ്യ ഗഡു 30,000/- |
| 5 വയസ്സ് പൂർത്തിയായതുംപ്രൈമറി സ്കൂളിൽ പ്രവേശനം നേടിയതും | രാം ഗഡു 33,000/- |
| 10 വയസ്സ് പൂർത്തിയായതുംഅഞ്ചാം തരം പ്രവേശനം നേടിയതും | മൂന്നാം ഗഡു. 36,000 |
| 15 വയസ്സ് പൂർത്തിയായതും പത്താം തരം പ്രവേശനം നേടിയതും | 39,000/- |

## മറ്റ് വിശദാംശങ്ങൾ

പെൺകുട്ടിക്ക് 18 വയസ്സ് പൂർത്തിയാകുമ്പോൾ 3,00,000/- രൂപ നൽകുന്നു (Assured Amount)

### LIC നൽകുന്ന ഇൻഷ്വറൻസ് സംബന്ധമായ മറ്റ് ആനുകൂല്യങ്ങൾ

| ആകസ്മിക മരണത്തിന് | | |
|---|---|---|
| വരുമാനദായകൻ | ഗാധാരണ മരണം | 2,00,000/- |
| | അപകടമരണം | 4,00,000/- |
| | അപകടമം മൂലമുള്ള ഭാഗീകമായ അംഗവൈകല്യം | 1,00,000/- |
| | അപകടമം മൂലമുള്ള പൂർണ്ണമായ അംഗവൈകല്യം | 2,00,000/- |
| അറ്റ രക്ഷകർത്താവ് | സാധാരണ മരണം | 30,000/- |
| | അപകടമരണം | 1,00,000/- |
| കുട്ടി | സാധാരണ മരണം | 3,00,000/- ൽ നിന്നും കുട്ടിയുടെ അക്കൗണ്ടിൽ ലഭ്യമാക്കേണ്ടസ ഫ് കുറച്ചതിന്റെ ബാക്കി തുക ഇൻഷ്വറൻസ് ആനികൂല്യമായി ഘലകള ക്ക് നൽകുന്നതായിരിക്കും. (ആയത് 8 വയസ്സിന് ശേഷം മാത്രം ബാധകമായിരിക്കും. 8 വയസ്സിന് ശേഷമാണ് ഇൻഷ്വറൻസ് കവറേജ്) |
| | അപകടമരണം | |

| വിദ്യാഭ്യാസ പരമായ ആനുകൂല്യങ്ങൾ | | |
|---|---|---|
| സ്വീകർത്താവ് | പഠിക്കുന്ന സ്റ്റാന്റേർഡ് | തുക |
| പെൺകുട്ടി | 9,10,11,12 | 1200/- രൂപ ഓരോ വർഷവും. |
| സഹോദരനോ സഹോദരിക്കോ | 9,10,11,12 | 1200/- രൂപ ഓരോ വർഷവും |

സെക്ഷൻ ഓഫീസർ